**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2422 — 19-6-2013-ൽ മറുപടിക്ക്

**വയന്തല പദ്ധതി കമ്മീഷൻ ചെയ്യാൻ നടപടി.**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കയ്പമംഗലം നിയോജക മണ്ഡലത്തിലെ എറിയാട്, എടവിലങ്ങ് ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണത്തിനായി നടപ്പിലാക്കിവരുന്ന വയന്തല പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകുമെന്ന് അറിയിക്കുമോ; | (എ) പ്രസ്തുത പദ്ധതി 2014 മാർച്ചിൽ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവൃത്തികൾ കൂടി പൂർത്തീകരിക്കേണ്ടതുണ്ടെന്ന് വിശദമാക്കാമോ? | (ബി) കാട്ടുകുറ്റി, മേത്തല, എറിയാട്, എടവിലങ്ങ് എന്നീ പഞ്ചായത്തുകൾക്കുള്ള വയന്തല പദ്ധതിയുടെ പമ്പിംഗ് മെയിൻ, വയന്തലയിലുള്ള ട്രാൻസ് ഫോർമർ & പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കുന്ന പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. മേത്തലയിലുള്ള 22.19 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉന്നതതല സംഭരണിയുടെ സ്ലാബ് വരെയുള്ള പണികൾ പൂർത്തീകരിച്ചു. വിതരണശൃംഖലയിലെ ഗ്യാപ്പ് കണക്ഷനും, കൾവർട്ട് ക്രോസിംഗും ഒഴികെ ബാക്കി പണികൾ പൂർത്തീകരിച്ചു. എറിയാട് സ്ഥാപിക്കേണ്ടുന്ന 250 KVA ട്രാൻസ് ഫോർമറിന്റെ ടെണ്ടർ - കൊച്ചിയിലെ മദ്ധ്യമേഖലാ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധനയിലാണ്. എറിയാടുള്ള 10.58 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല സംഭരണിയുടെ |

കണക്ഷൻ ഒഴികെയുള്ള പണികൾ പൂർത്തിയാക്കി. പമ്പ് ഹൗസിന്റെ പണി നടന്നുവരുന്നു. പണി പൂർത്തിയായ ശേഷം സപ്ലൈ ചെയ്തിട്ടുള്ള പമ്പ് സെറ്റുകൾ സ്ഥാപിക്കേണ്ടതുണ്ട്.

എറിയാട് പഞ്ചായത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ 80% പൂർത്തിയായിട്ടുണ്ട്.

വെസ്റ്റ് ടിപ്പു സുൽത്താൻ റോഡിൽ അഴിക്കോട് മുതൽ അഞ്ചങ്ങാടി വരെയുള്ള റോഡിലൂടെ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

മനയ്ക്കൽ ബീച്ച് റോഡിലൂടെയുള്ള പൈപ്പ് സ്ഥാപിക്കൽ, കൾവർട്ട് ക്രോസിംഗ്, ഗ്യാപ്പ് കണക്ഷൻ, സ്ലൂയ്സ്‌വാൽവ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ബാക്കിയുണ്ട്.

പദ്ധതി മാർച്ച് 2012 -ൽ ഭാഗികമായി കമ്മീഷൻ ചെയ്ത് മേത്തല-എറിയാട്-എടവിലങ്ങ്-കാട്ടുകറ്റി പഞ്ചായത്തുകളിൽ ശുദ്ധജലവിതരണം നടത്തിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ